# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4987 04-07-2012 - ൽ മറുപടിക്ക്

### വ്യവഹാര നയം നടത്തിപ്പിനായി

**ചോദ്യം**

ശ്രീ. എ. എ. അസീസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി

ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ പുതിയ വ്യവഹാരനയം നടത്തിപ്പിന്റെ നിരീക്ഷണത്തിനായി എംപവേർഡ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | സംസ്ഥാനത്തു സംസ്ഥാനവ്യവഹാര നയം നടത്തിപ്പിന്റെ നിരീക്ഷണത്തിനായി എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് 12/06/2012 ൽ സ.ഉ.(പി) 11/2012/നിയമപ്രകാരം ഈ വകുപ്പിൽ നിന്നും ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ ; | എംപവേർഡ് കമ്മിറ്റികളുടെ ഘടന താഴെപ്പറയും പ്രകാരമാണ്.<br><br>1. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി :-<br>1. അഡ്വക്കേറ്റ് ജനറൽ - ചെയർമാൻ<br>2. നിയമ വകുപ്പ് സെക്രട്ടറി - മെമ്പർ സെക്രട്ടറി<br>3. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ സെക്രട്ടറി<br>4. ബന്ധപ്പെട്ട വകുപ്പിന്റെ തലവൻ<br><br>2. ഡിസ്ട്രിക്റ്റ് ലെവൽ എംപവേർഡ് കമ്മിറ്റി :-<br>1. ഡിസ്ട്രിക്റ്റ് കളക്ടർ - ചെയർമാൻ<br>2. ഡിസ്ട്രിക്റ്റ് ലാ ഓഫീസർ - മെമ്പർ സെക്രട്ടറി (ഡെപ്യൂട്ടി സെക്രട്ടറി (നിയമം), കളക്ടറേറ്റ്)<br>3. ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ<br>4. ബന്ധപ്പെട്ട വകുപ്പിന്റെ ഡിസ്ട്രിക്റ്റ് ലെവൽ ഓഫീസർ |

| | | |
|---|---|---|
| | | 3. താലൂക്ക് ലെവൽ എംപവേർഡ് കമ്മിറ്റി:-<br>1. ബന്ധപ്പെട്ട താലൂക്കിലെ തഹസീൽദാർ - ചെയർമാൻ<br>2. അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ , സബ്കോർട്ട് സെന്റർ / മുൻസിഫ് കോർട്ട് സെന്റർ.<br>3. ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡറുടെ ഓഫീസിലെ ലീഗൽ അസിസ്റ്റന്റ്.<br>4. താലൂക്ക് ഓഫീസിലെ സ്യൂട്ട് സെക്ഷനിലെ ജൂനിയർ സൂപ്രണ്ട്. |
| (സി) | ആരെയൊക്കെയാണ് കമ്മിറ്റിയിൽ അംഗങ്ങളാക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി)പിരിവിൽ പറഞ്ഞിട്ടുള്ള അതേ അംഗങ്ങളാണ് കമ്മിറ്റികളിൽ ഉള്ളത്. |
| (ഡി) | കമ്മിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ ; | സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെയും ഡിസ്ട്രിക്ട് ലെവൽ എംപവേർഡ് കമ്മിറ്റിയുടെയും താലൂക്ക് ലെവൽ എംപവേർഡ് കമ്മിറ്റിയുടെയും കർത്തവ്യങ്ങളും ചുമതലകളും താഴെപറയും പ്രകാരമാണ്.<br>1) വ്യവഹാരികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും പരാതികളും, നിർദ്ദേശങ്ങളും സ്വീകരിക്കുകയും അവ കൈകാര്യം ചെയ്യുകയും അതിനോടനുബന്ധിച്ച് ആവശ്യമായ നടപടികളെടുക്കേണ്ടതും എംപവേർഡ് കമ്മിറ്റികളുടെ ചുമതലയാണ്.<br>2) താലൂക്ക് ലെവൽ എംപവേർഡ് കമ്മിറ്റി പ്രതി മാസ റിപ്പോർട്ട് ഡിസ്ട്രിക്ട് ലെവൽ എംപവേർഡ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും ഡിസ്ട്രിക്ട് ലെവൽ എംപവേർഡ് കമ്മിറ്റി ആയത് ഒരു സമഗ്ര റിപ്പോർട്ടായി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ആയത് ഒരു ഏകീകൃത റിപ്പോർട്ടായി ആവശ്യമായ നടപടികൾ എടുക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. |

3) കേസ്സിന്റെ നടത്തിപ്പിനായി ചില ഗവൺമെന്റ് ലോ ഓഫീസർമാരെ കൂടുതലായി പരിഗണിക്കുന്നു എന്നുള്ള പരാതികൾ ഗൗരവമായി എംപവേർഡ് കമ്മിറ്റി അന്വേഷിക്കുന്നതാണ്.

4) നിയമ പരമോ വസ്തുതാപരമോ ആയ ഏതെങ്കിലും സംഗതികളിൽ ആനുകൂല്യങ്ങൾ നൽകുകയും അത്തരം ആനുകൂല്യങ്ങൾ ന്യായീകരിക്കാവുന്നതല്ല എന്ന് കണ്ടെത്തുകയും ചെയ്താൽ ആ സംഗതി എംപവേർഡ് കമ്മിറ്റിയെ അറിയിക്കേണ്ടതും ആയതിന് പരിഹാര നടപടികൾ എടുക്കേണ്ടതുമാണ്.

5) അശ്രദ്ധയും വീഴ്ചയും വന്നിട്ടുള്ള കേസ്സുകൾ ഗൗരവമായി കാണുകയും അത്തരം സംഗതികൾ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ട് ആയവ ഉചിതമായി കൈകാര്യം ചെയ്യുന്നതുമാണ്.

6) കേസ്സുകൾ മാറ്റി വയ്ക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി സർക്കാരിനെതിരെ ചിലവ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്ന സന്ദർഭങ്ങൾ വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്. അങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും എന്തുകൊണ്ടാണ് ചിലവ് അനുവദിച്ചു കൊണ്ട് ഉത്തരവായി എന്നതിനുള്ള കാരണം കാണിച്ചുകൊണ്ട് വകുപ്പ് തലവന്മാർ റിപ്പോർട്ട് എംപവേർഡ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ചിലവ് വിധിച്ചു കൊണ്ടുള്ള കേസ്സുകളിൽ അങ്ങനെയുള്ള വീഴ്ചയ്ക്ക് കാരണക്കാരായ വ്യക്തികളുടെ പേരുകൾ കണ്ടുപിടിക്കേണ്ടതാണ്. അവർക്കെതിരെ ഉചിതമായ നടപടികൾ എടുക്കേണ്ടതാണ്.

7) തീർപ്പാകാതെയുള്ള എല്ലാ വ്യവഹാരങ്ങളും പുനരവലോകനം ചെയ്യേണ്ടതും അവയിൽ നിന്ന് നിരർത്ഥകവും ബാലിശവുമായ വ്യവഹാരങ്ങളും ദുർവ്യവഹാരങ്ങളും യോഗ്യതയുള്ള വ്യവഹാരങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കേണ്ടതും എംപവേർഡ് കമ്മിറ്റിയുടെ ചുമതലയാണ്. അങ്ങനെയുള്ള സംഗതികൾ ലോകായുക്ത വഴിയോ ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ വഴിയോ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ അത്തരം റിപ്പോർട്ടുകൾ നിയമവകുപ്പിന് താലൂക്ക് ലെവൽ എംപവേർഡ് കമ്മിറ്റി സമർപ്പിക്കേണ്ടതാണ്.

8) മാസത്തിൽ ഒരു തവണയെങ്കിലും എംപവേർഡ് കമ്മറ്റി യോഗം കൂടേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ